

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ



## 12. ഭാഷയും സാഹിത്യവും

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

12 ഭാഷയും സാഹിത്യവും . . . . . . . . . . . . . . . . . . . . 1

# 12

## ഭാഷയും സാഹിത്യവും

ഭാഷയും സാഹിത്യവും രണ്ടും ഒന്നാണെന്നു കരുതുന്നവരുണ്ട്. സാഹിത്യചരിത്രമെന്നു പറയേണ്ടിടത്ത് അവർ ഭാഷാചരിത്രമെന്നു പറയുന്നു. അവരെസ്സംബന്ധിച്ചേടത്തോളം മലയാള ഭാഷയും മലയാളസാഹിത്യവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

ഉദാഹരണത്തിന്ന്, ശ്രീ. വടക്കുംകൂർ രാജരാജവർമ്മ രാജ പറയുന്നു:

> "ഒരു സമുദായത്തിന്റെ ഉന്നതിയെ നിർണ്ണയിയ്ക്കുന്ന അളവുകോലും ഭാഷയാകുന്നു. ഏതു സമുദായക്കാർക്ക് ഉന്നതനിലയിൽ ഇരിയ്ക്കുന്ന ഒരു ഭാഷയുണ്ടോ അവർ ഉൽകൃഷ്ടന്മാർ; അങ്ങിനെയല്ലാതുള്ളവർ അപകൃഷ്ടന്മാരും."
>
> — (സാഹിത്യ ഹൃദയം, പേജ് 18)

പക്ഷേ, ഭാഷയേയും സാഹിത്യത്തേയും ഇങ്ങിനെ കൂട്ടിക്കുഴയ്ക്കുന്നതുശരിയല്ല. കാരണം, ഭാഷയും സാഹിത്യവും രണ്ടും രണ്ടാണ്.

സാഹിത്യം, നമ്മൾ കണ്ടുകഴിഞ്ഞതു പോലെ, സാമൂഹ്യജീവിതത്തിന്റെ കലാപരവും ക്രിയാത്മകവുമായ പ്രതിഫലനമാണ്. ഭാഷയാകട്ടെ, സാഹിത്യനിർമ്മാണത്തിന്നുള്ള ഒരുപകരണം മാത്രമാണ്.

സാമൂഹ്യജീവിതം നിശ്ചലമല്ല. ഉൽപ്പാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായി ജനങ്ങളുടെ ജീവിതോപാധികൾ മാറുന്നു. പഴയ വർഗ്ഗങ്ങളുടെ സ്ഥാനത്ത് പുതിയ വർഗ്ഗങ്ങളാവിർഭവിക്കുന്നു; മനുഷ്യന്റെ രാഷ്ട്രീയവും ധാർമ്മികവും മതപരവുമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും മാറുന്നു. ഇതെല്ലാം അതാതുകാലത്തെ സാഹിത്യത്തിലും കലയിലും പ്രതിഫലിയ്ക്കാതിരിയ്ക്കില്ല. സാഹിത്യം സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനമായതുകൊണ്ട് സാമൂഹ്യ ജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങൾ സാഹിത്യത്തിലും മാറ്റങ്ങളുണ്ടാക്കാതിരിയ്ക്കില്ല.

ഇതല്ല ഭാഷയുടെ സ്ഥിതി. സാമൂഹ്യ പരിവർത്തനങ്ങളെന്തൊക്കെയുണ്ടായാലും ഭാഷ പറയത്തക്ക മാറ്റങ്ങളൊന്നും കൂടാതെ വളരെക്കാലം നിലനിൽക്കുന്നു. ഫ്യൂഡൽ കാലഘട്ടത്തിലുപയോഗിയ്ക്കപ്പെട്ടിരുന്ന ഭാഷതന്നെയാണ് മുതലാളിത്തവ്യവസ്ഥയിലും സോഷ്യലിസ്റ്റ് വ്യവസ്ഥയിലും ഉപയോഗിയ്ക്കപ്പെടുന്നത്. ഉദാഹരണത്തിന്ന് ഫ്യൂഡൽ കാലഘട്ടത്തിലുപയോഗിയ്ക്കപ്പെട്ട "അവൻ പുസ്തകം വായിച്ചു" എന്ന വാക്യം മുതലാളിത്തമാവുമ്പോഴേയ്ക്കും മറ്റൊന്നായി മാറുകയില്ല. വളരെക്കാലം മുമ്പുമുതൽക്കേ ഉപയോഗിയ്ക്കപ്പെടുന്ന അമ്മ, അച്ഛൻ, പുസ്തകം, വെള്ളം, നിലം മുതലായ പദങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥയിലും ഉപയോഗിക്കപ്പെടുന്നു. ഉൽപ്പാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങൾ ഭാഷയെ മാറ്റിമറിയ്ക്കുന്നില്ല. സാഹിത്യം, തത്വശാസ്ത്രം, രാജനീതി, സദാചാരബോധം മുതലായവയിലെല്ലാം മാറ്റങ്ങളുണ്ടാകുന്നു. പക്ഷേ, ഭാഷ മാറുന്നില്ല. തൊഴിലാളിയ്ക്കും മുതലാളിയ്ക്കും വ്യത്യസ്തങ്ങളായ ആശയങ്ങളും വ്യത്യസ്തങ്ങളായ തത്വശാസ്ത്രങ്ങളുമുണ്ട്. തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന സാഹിത്യങ്ങളുമുണ്ട്. പക്ഷേ, മുതലാളിയും തൊഴിലാളിയും ഒരേഭാഷയുപയോഗിച്ചുകൊണ്ടാണ് താന്താങ്ങളുടെ ആശയങ്ങൾ പ്രകടിപ്പിക്കുകയും സാഹിത്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നത്. വർഗ്ഗസംസ്കാരവും വർഗ്ഗസാഹിത്യവുമുണ്ട്. പക്ഷേ, വർഗ്ഗഭാഷ എന്നൊന്നില്ല.

ഭാഷ കൂടാതെ സാഹിത്യം സൃഷ്ടിയ്ക്കാനാവില്ല. പക്ഷേ, സാഹിത്യം സൃഷ്ടിയ്ക്കപ്പെടുന്നതിന്നുമുമ്പുതന്നെ ഭാഷയുണ്ടായിരുന്നു.

മനുഷ്യസമുദായത്തിന്റെ ആവിർഭാവത്തോടൊപ്പം, ആശയവിനിമയത്തിന്നുള്ള ഉപകരണമെന്ന നിലയ്ക്ക് ഭാഷയും ആവിർഭവിച്ചു. ആശയവിനിമയം കൂടാതെ മനുഷ്യർക്കു കൂട്ടായി പ്രവർത്തിപ്പാനും പ്രകൃതിക്കെതിരായ സമരങ്ങളിലും ഉല്പാദനപ്രവർത്തനങ്ങളിലും വിജയം നേടാനും സാധ്യമല്ല. സാമൂഹ്യവ്യവസ്ഥ എന്തുതന്നെയായാലും ഉൽപ്പാദനം നടക്കണമെങ്കിൽ മനുഷ്യർ തമ്മിലുള്ള ബന്ധവും സഹകരണവും കൂടിയെ കഴിയൂ. ഈ ബന്ധവും സഹകരണവും പുലർത്തണമെങ്കിൽ പരസ്പരമുള്ള ആശയവിനിമയവും ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. അതുകൊണ്ട്, പ്രാകൃതകാലം മുതൽക്കുതന്നെ ആശയവിനിമയത്തിന്നുള്ള ഭാഷ ഒരു സാമൂഹ്യാവശ്യമായിത്തീർന്നു. പിന്നീടു മാത്രമാണു അത് സാഹിത്യനിർമ്മാണത്തിന്നുള്ള ഒരു ഉപകരണം കൂടിയായിത്തീർന്നത്.

സ്റ്റാലിൻ പറയുന്നു:

> "ഭാഷ ഒരു മധ്യവർത്തിയാണ്, ഉപകരണമാണ്. അതുവഴിക്ക് ജനങ്ങൾ അന്യോന്യം കൂടിക്കഴിയുകയും ആശയവിനിമയം നടത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ഭാഷ ചിന്തയുമായി നേരിട്ടു ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ട് ചിത്തവൃത്തികളുടെ ഫലങ്ങളേയും മനുഷ്യജ്ഞാനത്തിന്റെ നേട്ടങ്ങളേയും പദങ്ങളിലും വാക്യങ്ങളിലെ പദസമൂഹങ്ങളിലുമായി രേഖപ്പെടുത്തിവെയ്ക്കുകയും നിലനിർത്തിപ്പോരികയും ചെയ്യുന്നു; അങ്ങിനെ മനുഷ്യസമുദായത്തിൽ ആശയവിനിമയം സാദ്ധ്യമാക്കുന്നു."
>
> — (മാർക്സിസവും ഭാഷാശാസ്ത്രവും, മലയാളതർജ്ജിമ പേജ് 21)

വാക്കുകളാണ് ഭാഷയുടെ അസ്ഥിവാരം. പക്ഷേ, വാക്കുകൾ മാത്രമായാൽ ഭാഷയാവില്ല. ഒരു പ്രത്യേകരീതിയിൽ ഘടിപ്പിയ്ക്കാതെ, കേവലം അരാജകമായ മട്ടിൽ കുറേ വാക്കുകൾ ഉച്ചരിക്കുകയോ എഴുതിനിറക്കുകയോ ചെയ്താൽ ആശയവിനിമയം നടക്കില്ല. ആശയവിനിമയം സാധിയ്ക്കണമെങ്കിൽ വാക്കുകളെ ഒരു വിശേഷരീതിയിൽ, ചില പ്രത്യേക നിയമങ്ങളനുസരിച്ച് സംഘടിപ്പിക്കണം. ഇവിടെയാണ് വ്യാകരണത്തിന്റെ പ്രാധാന്യം കിടക്കുന്നത്. "പദക്രിയയേയും വാക്യത്തിലെ പദഘടനാക്രമത്തേയും നിർണ്ണയിക്കുന്ന നിയമങ്ങളുടെ സമാഹാരമാണ് വ്യാകരണം." അതുകൊണ്ട് വ്യാകരണത്തിന്നു ഭാഷയിൽ അതിപ്രധാനമായ ഒരു പങ്കുണ്ട്. വാക്കുകളെ വേണ്ടപോലെ സംയോജിപ്പിയ്ക്കുകയും നിർദ്ദിഷ്ടമായ അർത്ഥമുണ്ടാകുന്ന വിധത്തിൽ അവയെ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണീ പങ്ക്. വ്യാകരണമാണു മനുഷ്യന്റെ ആശയങ്ങൾക്ക് ഭൗതീകവും ഭാഷാപരവുമായ രൂപം നൽകുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, വ്യാകരണനിയമങ്ങൾക്കു വിധേയമാക്കപ്പെട്ടാലേ വാക്കുകൾ ഭാഷയായിത്തീരുകയുള്ളൂ. വ്യാകരണമില്ലെങ്കിൽ ഭാഷയുമില്ല.

ശബ്ദകോശത്തിലെ മൗലികപദാവലിയെപ്പോലെതന്നെ വ്യാകരണവും വളരെക്കാലത്തോളം പറയത്തക്കയാതൊരു മാറ്റവുമില്ലാതെ നിലനിൽക്കുന്നു. ഫ്യൂഡലിസത്തിലും മുതലാളിത്തത്തിലും സോഷ്യലിസത്തിലുമെല്ലാം ഒരേ വ്യാകരണനിയമങ്ങളുപയോഗിയ്ക്കപ്പെടുന്നു. സ്റ്റാലിൻ പറയുന്നു:

> "തീർച്ചയായും, വ്യാകരണവും കാലഗതിയിൽ മാറുകയും കൂടുതൽ പൂർണ്ണമാവുകയും അതിന്റെ നിയമങ്ങൾ പരിഷ്കരിച്ചു കൂടുതൽ കൃത്യവും ക്ലിപ്തവുമാവുകയും പുതിയ നിയമങ്ങൾ ഉണ്ടാവുകയും ചെയ്യുന്നുണ്ട്. എങ്കിലും, വ്യാകരണത്തിന്റെ അസ്ഥിവാരം വളരെ നീണ്ട കാലഘട്ടത്തേക്ക് ഉപയോഗപ്പെടുന്നവിധം സൂക്ഷിക്കപ്പെടുന്നു. കാരണം വളരെ കാലഘട്ടങ്ങളോളം അതിനു സമുദായത്തെ സേവിച്ചുനിൽക്കാൻ കഴിയുമെന്ന് ചരിത്രം പറയുന്നു."
>
> — (മർക്സിസവും ഭാഷാശാസ്ത്രവും പേജ് 24, 25.)

അപ്പോൾ, ശബ്ദകോശത്തിലെ മൌലികപദാവലിയും വ്യാകരണവുമാണ് ഭാഷയുടെ അടിത്തറകൾ.

അടിത്തറയോടുള്ള അവജ്ഞ മണിമാളിക പണിയുന്നവർക്കാപത്താണ്. അപഭ്രഷ്ടങ്ങളും അനാവശ്യങ്ങളും ശരിയല്ലാത്തവയുമായ പ്രയോഗങ്ങൾ ഭാഷയുടെ ഓജസ്സിനേയും ശക്തിയേയും നശിപ്പിക്കുന്നു. വ്യാകരണനിയമങ്ങളോടുള്ള അനാദരവും ശൈലീഭംഗങ്ങളും ഭാഷയുടെ പ്രയോജനത്തെത്തന്നെ വെല്ലുവിളിയ്ക്കുന്നു. ടോൾസ്റ്റോയി ഊന്നിപ്പറഞ്ഞതുപോലെ, "ഭാഷയെ അശ്രദ്ധമായി കൈകാര്യം ചെയ്യുക എന്നതിന്റെ അർത്ഥം അശ്രദ്ധമായി ചിന്തിയ്ക്കുക എന്നാണ്."

നമ്മുടെ ചില പുതിയ എഴുത്തുകാർ വ്യാകരണനിയമങ്ങളുടെ നേരെ പുച്ഛത്തോളമെത്തുന്ന ഒരുതരം അവജ്ഞ കാണിക്കാറുണ്ട്. എന്തുപറയണമെന്നു മാത്രമാണ്, എങ്ങിനെ പറയണമെന്നല്ല, ശ്രദ്ധിക്കേണ്ടത് എന്നാണവരുടെ വിചാരം. അതിന്റെ ഫലമായി വാക്കുകൾ തിരഞ്ഞെടുക്കുന്നതിലും പ്രയോഗിയ്ക്കുന്നതിലും അവർ ശ്രദ്ധിക്കുന്നില്ല. സാഹിത്യത്തിന്റെ ഉപകരണത്തിലുള്ള ഈ അശ്രദ്ധ സാഹിത്യകൃതിയെയാകെ നിർജ്ജീവമാക്കുന്നു എന്നവർ കാണുന്നില്ല. അതിന്റെ ഫലമായി, കഴിയുന്നതും കുറച്ചക്ഷരങ്ങൾകൊണ്ട്, കഴിയുന്നതും കുറച്ചു വാക്കുകൾകൊണ്ട്, തെറ്റുകൂടാതെ, വളച്ചുകെട്ടും വൃഥാസ്ഥൂലതയുമില്ലാതെ, പറയാനുള്ളതു ഭംഗിയായും വ്യക്തമായും ശക്തിയുക്തമായും പറയാനവർ പരിശ്രമിയ്ക്കുന്നില്ല.

ഇത്തരം ദൌർബ്ബല്യങ്ങളും വൈകല്യങ്ങളും പരിഹരിക്കുക എന്നത് എല്ലാ എഴുത്തുകാരുടേയും ഒഴിച്ചുകൂടാത്ത കടമയാണ്. എന്തുകൊണ്ടെന്നാൽ, ഓജസ്വിയും പ്രസന്നവും വ്യാകരണനിയമങ്ങൾക്കു വിധേയവുമായ ഭാഷയുപയോഗിക്കുന്നവരുടെ സാഹിത്യകൃതികൾക്ക് അനുവാചകരുടെ ഹൃദയാന്തർഭാഗങ്ങളിലേക്കു കടന്നുചെല്ലാനും അങ്ങിനെ അവരുടെ സാമൂഹ്യബോധത്തെ ഉയർത്താനും കഴിയും.

അപഭ്രംശങ്ങളും ശൈലീഭംഗങ്ങളുമില്ലാത്ത സുന്ദരമായ ഭാഷയുപയോഗിക്കാനാഗ്രഹിക്കുന്ന ചെറുപ്പക്കാരായ സാഹിത്യകാരന്മാർ ശ്രീ. കുട്ടികൃഷ്ണമാരാരുടെ 'ഭാഷാപരിചയം,' 'മലയാളശൈലി' എന്നീ രണ്ടു പുസ്തകങ്ങൾ ശ്രദ്ധിച്ചു പഠിക്കുന്നതു നന്നായിരിക്കും.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 7

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. എന്താണ് സാഹിത്യം
2. സാഹിത്യ നിരൂപണം
3. സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം
4. പുരോഗമന സാഹിത്യം എന്ത്? എന്തിന്?
5. ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം
6. പുരോഗമനസാഹിത്യസംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി
7. അസ്വസ്ഥതയുടെ സാഹിത്യം
8. മലയാളസാഹിത്യത്തിന്റെ ഭാവി
9. വിചാരവിപ്ലവം
10. പാട്ടബാക്കി
11. ‘പാട്ടബാക്കി’യെപ്പറ്റി
12. ഭാഷയും സാഹിത്യവും
13. മലയാളഭാഷയുടെ ഉത്ഭവം
14. ഭാഷയിലെ വിപ്ലവം
15. കവിതയുടെ ഭാവി–മലയാളത്തിൽ
16. ഫോർമലിസം തലപൊക്കുന്നു
17. രാഷ്ട്രഭാഷ എന്തായിരിക്കണം?


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7